പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2281          5.12.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ ഉന്നമനം

ചോദ്യം          മറുപടി

ശ്രീ.ബി.സത്യൻ .          കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാരുടെ എണ്ണം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; എത്ര ഭിന്നശേഷിക്കാരാണ് നിലവിലുള്ളത്; | (എ) 2015 വർഷത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം സംസ്ഥാനത്താകെയായി 7,93,937 ഭിന്നശേഷിക്കാരുണ്ട്. |
| (ബി) ഇവരിൽ നിരക്ഷരരായ ആളുകളുണ്ടോ;ഇവരുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ? | (ബി) 2015 ലെ ഡിസെബിലിറ്റി സെൻസസ് പ്രകാരം ആകെ അംഗപരിമിതരിൽ 1,66,800 പേർ വിദ്യാഭ്യാസം ഇല്ലാത്തവരാണ്. അംഗപരിമിതരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്ന 'വിദ്യാജ്യോതി' പദ്ധതി, അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതി, ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, ഭിന്നശേഷിക്കാരായവർക്ക് തുല്യത പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി എന്നിവ നടപ്പാക്കുന്നു. കൂടാതെ വകുപ്പിനു കീഴിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ മുഖേനയും സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകിയും അംഗപരിമിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ